STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.130/PR/SPMC/PHQ/2022 Date:01.08.2022

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ 13 ാം സ്ഥാപകദിനാഘോഷം ചൊവ്വാഴ്ച മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ 13 ാം സ്ഥാപക ദിനാഘോഷവും രണ്ടാഴ്ച നീളുന്ന ആഘോഷപരിപാടികളും ചൊവ്വാഴ്ച വൈകിട്ട് 03.30 ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിശാഗന്ധി ആഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യും.

നിശാഗന്ധി ആഡിറ്റോറിയത്തിൽ ഉച്ചയ്ക്ക് ശേഷം 2.30 ന് പർപ്പിൾ ഹാർട്ട്സ് എന്ന പേരിൽ ഉമാകല്യാണിയും സംഘവും അവതരിപ്പിക്കുന്ന പരിപാടിയോടെയാണ് ചടങ്ങുകൾ ആരംഭിക്കുന്നത്. തുടർന്ന് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ കാലിക പ്രസക്തിയെ കുറിച്ച് ഐ.എം.ജി ഡയറക്ടറും മുൻ ചീഫ് സെക്രട്ടറിയുമായ കെ.ജയകുമാർ പ്രഭാഷണം നടത്തും. അതിനുശേഷം സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ ഉണർത്തുപാട്ട് എന്ന നൃത്തപരിപാടി അരങ്ങേറും. തുടർന്ന് നടക്കുന്ന ചടങ്ങിൽ പൊതുവിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി അധ്യക്ഷത വഹിക്കും. മുഖ്യമന്ത്രി പിണറായി വിജയൻ സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ 13 ാം സ്ഥാപക ദിനാഘോഷങ്ങളുടെ ഉദ്ഘാടനം നിർവ്വഹിക്കും. ചീഫ് സെക്രട്ടറി ഡോ.വി.പി.ജോയ് മുഖ്യപ്രഭാഷണം നടത്തും. പുതുക്കിയ എസ്.പി.സി മാനുവൽ സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത് പരിചയപ്പെടുത്തും. തുടർന്ന് പുതുക്കിയ എസ്.പി.സി മാനുവൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ.ജീവൻബാബുവിന് നൽകി മുഖ്യമന്ത്രി പ്രകാശനം ചെയ്യും. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രവർത്തനങ്ങളുടെ അവലോകനം സ്റ്റേറ്റ് നോഡൽ ഓഫീസറും ഐ.ജിയുമായ പി.വിജയൻ നിർവ്വഹിക്കും. 2021-2022 വർഷത്തെ എസ്.പി.സി പ്രവർത്തനങ്ങളിൽ മികവ് പുലർത്തിയ ജില്ലകൾക്ക് വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി പുരസ്കാരങ്ങൾ സമ്മാനിക്കും. ലഹരിവിരുദ്ധ പ്രതിജ്ഞയും ലോഗോ പ്രകാശനവും നിർവ്വഹിക്കുന്നത് മേയർ ആര്യാരാജേന്ദ്രനാണ്. ഒന്നാണ് നമ്മൾ എന്ന എസ്.പി.സിയുടെ സമത്വ സന്ദേശ പരിപാടിയുടെ ലോഗോ പ്രകാശനവും പ്രഭാഷണവും മുഖ്യമന്ത്രിയുടെ പത്നി കമലാ വിജയൻ നിർവ്വഹിക്കും. സ്റ്റുഡന്റ് പോലീസ് കേഡറ്റുകളും മാസ്റ്റർ ഇഷാനും ചേർന്ന് എസ്.പി.സി പിറന്നാൾ കേക്ക് മുറിക്കും.

അഡീഷണൽ ചീഫ് സെക്രട്ടറി ഡോ.വി.വേണു, എ.ഡി.ജി.പി കെ.പത്മകുമാർ, ഡി.ഐ.ജി ആർ.നിശാന്തിനി എന്നിവരും ചടങ്ങിൽ സംബന്ധിക്കും. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നായി 2000 ൽ പരം കുട്ടികളും അധ്യാപകരും മാതാപിതാക്കളും ചടങ്ങിൽ പങ്കെടുക്കും.

****************************

## Background Information

അന്താരാഷ്ട ശ്രദ്ധ നേടിയ കേരളാ പോലീസിന്റെ അഭിമാന പദ്ധതിയാണ് സ്റ്റുഡൻറ് പോലീസ് കേഡറ്റ്. നിയമബോധവും പൗരബോധവുമുള്ള, ദുർബലവിഭാഗങ്ങളോട് സഹാനുഭൂതി പുലർത്തുന്ന പുതുതലമുറയെ വാർത്തെടുക്കുക എന്ന ഉദ്ദേശ്യത്തോടെ ഹൈസ്കൂൾ തലത്തിൽ പോലീസ് നടപ്പിലാക്കിയ സംരംഭമാണിത്. ജന്മനായുള്ള കഴിവുകൾ വികസിപ്പിക്കുന്നതിനും അന്വേഷണകുശലത വർദ്ധിപ്പിച്ച് അറിവ് നേടുന്നതിനും അതിലുപരി സാമൂഹികതിൻമകളിൽ നിന്ന് ഒഴിഞ്ഞുനിന്ന് രാജ്യത്തിന്റെ വികസനത്തിൽ പങ്കാളിയാകുന്നതിനും ഓരോ കുട്ടിയെയും പ്രോത്സാഹിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കുടുംബം, സമൂഹം, പരിസ്ഥിതി എന്നിവയോടുള്ള കടമ നിർവ്വഹിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന വിധത്തിലാണ് ഇതിന്റെ പ്രവർത്തനം.

കായികപരിശീലനങ്ങൾ, ഇൻഡോർ ക്ലാസുകൾ, സന്ദർശനങ്ങൾ, പ്രായോഗിക പരിശീലനപദ്ധതികൾ എന്നിവ ഉൾപ്പെടുന്ന പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന ഒരു കേഡറ്റ് ഭാവിയുടെ വാഗ്ദാനമായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നു. എസ്.പി.സി ആക്ടിവിറ്റി കലണ്ടർ, ഇൻഡോർ മാനുവൽ, ഔട്ട്ഡോർ മാനുവൽ എന്നിവ പ്രകാരം കുട്ടികളുടെ കായികക്ഷമത, നേതൃഗുണം, അച്ചടക്കം, ആത്മവിശ്വാസം എന്നിവ വർദ്ധിപ്പിക്കാനും മികച്ച സ്വഭാവം രൂപപ്പെടുത്താനും രണ്ടുവർഷത്തെ പരിശീലനത്തിലൂടെ കഴിയും. കൂടാതെ സമൂഹത്തെ അടുത്തറിയാൻ രൂപം നൽകിയ എട്ട് കമ്മ്യൂണിറ്റി പ്രോജക്റ്റുകളും വിവിധതരം ക്യാമ്പുകളും ആഘോഷപരിപാടികളും പദ്ധതിയുടെ ഭാഗമാണ്.

ആഭ്യന്തര വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിക്ക് തദ്ദേശസ്വയംഭരണം, ഗതാഗതം, വനം, എക്സൈസ് തുടങ്ങിയ സർക്കാർ വകുപ്പുകളും പിന്തുണ നൽകുന്നു. 2010 ഓഗസ്റ്റിൽ സംസ്ഥാനത്തെ 127 സ്കൂളുകളിലായി 11,176 കുട്ടികൾക്ക് പരിശീലനം നൽകികൊണ്ട് തുടക്കം കുറിച്ച ഈ പദ്ധതി നിലവിൽ 1000 സ്കൂളുകളിലേക്ക് വ്യാപിപ്പിച്ചു. 88,000ത്തിൽ പരം കേഡറ്റുകൾ ഇപ്പോൾ സ്റ്റുഡന്റ് പോലീസ് പദ്ധതിയുടെ ഭാഗമായി പരിശീലനം നേടുന്നു. 2010 മുതൽ ഇതുവരെ രണ്ടര ലക്ഷത്തിലധികം കേഡറ്റുകൾ പരിശീലനം പൂർത്തിയാക്കി.

ഉത്തരവാദിത്തബോധവും കാര്യശേഷിയും നേതൃത്വഗുണവുമുള്ള യുവജനതയെ വാർത്തെടുക്കുക എന്ന ലക്ഷ്യസാക്ഷാത്കാരത്തിന്റെ നിറവിലാണ് സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന വൈജ്ഞാനിക അറിവിനും മികവിനുമപ്പുറം സാമൂഹിക പ്രതിബദ്ധതയും സേവനസന്നദ്ധതയും ലക്ഷ്യബോധവുമുള്ള പുതുതലമുറയെ വളർത്തിയെടുക്കുകയെന്ന ദീർഘവീക്ഷണത്തോടു കൂടിയ ശ്രമങ്ങളുടെ

ഫലപ്രാപ്തിയാണിത്. എസ്.പി.സി പദ്ധതി നിലവിൽ വന്നതിനുശേഷം പോലീസ്, അധ്യാപക, വിദ്യാർത്ഥി സമൂഹത്തിൽ സംഭവിച്ച ഗുണപരമായ മാറ്റങ്ങൾ വിവിധ ഏജൻസികൾ നടത്തിയ പഠനങ്ങളിൽ എടുത്തുപറയുന്നു. സ്കൂളുകളിൽ അച്ചടക്കത്തിലും പഠനനിലവാരത്തിലും ഉണ്ടായ മാറ്റങ്ങൾ ഇതോടൊപ്പം ചേർത്തുവയ്ക്കാം. നീതിബോധവും നിയമബോധവും വളർത്തുന്ന ഈ പഠനാനുബന്ധ പദ്ധതിയുടെ വിജയാരവം അതിരുകൾ ഭേദിച്ച് രാജ്യാന്തരതലത്തിൽ ശ്രദ്ധിക്കപ്പെട്ടതോടെ 2018 ൽ എസ്.പി.സി ദേശീയ പദ്ധതിയായി പ്രഖ്യാപിക്കപ്പെട്ടു.

മഹാമാരിയുടെ കാലത്ത് സാധാരണക്കാരുടെ ക്ഷേമം മുൻനിർത്തി സൗജന്യ ആഹാരവിതരണം ഉൾപ്പെടെയുള്ള സാമൂഹ്യപ്രവർത്തനങ്ങളിൽ വ്യാപൃതരായി സ്റ്റുഡൻറ് പോലീസ് കേഡറ്റുകൾ സമൂഹത്തിനു തന്നെ മാതൃകയായി.. എസ്.പി.സി കേഡറ്റുകളുടെ സഹകരണത്തോടെ 9 ലക്ഷത്തോളം ഭക്ഷണപ്പൊതികൾ ആണ് ഇക്കാലയളവിൽ സൗജന്യമായി വിതരണം ചെയ്തത്. 40,000 പേർക്ക് ഭക്ഷണക്കിറ്റുകളും സൗജന്യമായി നൽകി. വീടില്ലാത്തവർക്ക് വീടുകൾ നിർമ്മിച്ച് നൽകുന്ന സ്വപ്നഭവനം പദ്ധതി, രക്തദാനം പ്രോത്സാഹിപ്പിക്കുന്ന ജീവധാര പദ്ധതി എന്നിവ മികച്ച രീതിയിൽ സ്റ്റുഡന്റ് പോലീസ് നടപ്പിലാക്കി വരുന്നു. ജീവധാര പദ്ധതി പ്രകാരം രക്തം ദാനം ചെയ്യാൻ സന്നദ്ധരായ 5 ലക്ഷത്തിലധികം പേരുടെ സമ്മതപത്രമാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ സൂക്ഷിച്ചിട്ടുള്ളത്.

കോവിഡ് കാലത്ത് കുട്ടികളുടെ മാനസികോല്ലാസത്തിനായി ആരംഭിച്ച ചിരി എന്ന പദ്ധതി യുടെ പിന്നിൽ പ്രവർത്തിക്കുന്നതും എസ്.പി.സി കേഡറ്റുകളാണ്. ഈ ടെലികൗൺസിലിംഗ് പദ്ധ തിയിലേയ്ക്ക് ഇതുവരെ വിളിച്ചത് 31,084 പേരാണ്.

*****************************